(ii) നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളുടെ ഉത്തരങ്ങൾ

സോളാർ വൈദ്യുത പ്ലാന്റുകൾ

1 (3154) ശ്രീ. എ. എ. അസീസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വാസയോഗ്യവും കൃഷിയോഗ്യവുമല്ലാത്ത സ്ഥലങ്ങൾ കണ്ടെത്തി അവിടെ സോളാർ പ്ലാന്റുകൾ സ്ഥാപിച്ച് വൈദ്യുത പദ്ധതികൾ ആരംഭിക്കാൻ നടപടി സ്വീകരിക്കുമോ ;

(ബി) സംസ്ഥാനത്ത് ഇത്തരത്തിൽ വൻകിട പ്ലാന്റുകൾ സ്ഥാപിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ?

ഉത്തരം

(എ&ബി) ഇത്തരം പ്ലാന്റുകൾ സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. കൊല്ലം ജില്ലയിലെ പടിഞ്ഞാറെക്കല്ലടയിൽ വെള്ളം കെട്ടിക്കിടക്കുന്ന 300 ഏക്കർ സ്ഥലത്ത് 50 മെഗാവാട്ട് ശേഷിയുള്ള ഒരു സൗരോർജ്ജ വൈദ്യുത പദ്ധതി എൻ.എച്ച്.പി.സി.-മായി ചേർന്ന നടപ്പിൽ വരുത്താൻ നടപടി എടുത്തു വരുന്നു. കൂടാതെ 200 മെഗാവാട്ടിന്റെ ഒരു സൗരോർജ്ജ പാർക്ക് പദ്ധതി കാസർഗോഡ് ജില്ലയിൽ കേന്ദ്ര സർക്കാർ സ്ഥാപനമായ സോളാർ എനർജി കോർപ്പറേഷൻ ഓഫ് ഇന്ത്യയുമായി ചേർന്ന് നിർമ്മിക്കാനുള്ള നടപടികളും നടന്നു വരുന്നു.

സൗരോർജ്ജ വൈദ്യുത പദ്ധതി കേരളത്തിൽ

2 (3155) ശ്രീ. സി. പി. മുഹമ്മദ് :
ശ്രീ. അൻവർ സാദത്ത് :
ശ്രീ. എ. റ്റി. ജോർജ് :
ശ്രീ. ഡൊമിനിക് പ്രസന്റേഷൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ആദ്യ സൗരോർജ്ജ വൈദ്യുത പദ്ധതിക്ക് തുടക്കം കുറിച്ചിട്ടുണ്ടോ;

(ബി) എന്തെല്ലാം ഉദ്ദേശലക്ഷ്യങ്ങളാണ് ഇതുവഴി കൈവരിക്കാനുദ്ദേശിക്കുന്നത്;

LIBRARY ARCHIVES Kerala Legislative Assembly